# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 221** **23-01-2025 - ൽ മറുപടിയ്ക്ക്**

## 108 ആംബുലൻസ് ജീവനക്കാരുടെ ശമ്പളവും അലവൻസും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലഘട്ടത്തിൽ ഏറ്റവും അധികം ദുരിതമനുഭവിച്ച 108 ആംബുലൻസ് ജീവനക്കാർക്കും മഹാമാരി കാലഘട്ടത്തിൽ താൽക്കാലിക ജോലിക്കായി നിയമിക്കപ്പെട്ട എല്ലാ ജീവനക്കാർക്കും കേന്ദ്ര സഹായത്തോട്ടുകൂടി കേരള സർക്കാർ നൽകിവന്ന റിസ്ക് അലവൻസ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ റിസ്ക് അലവൻസ് നിഷേധിച്ചതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കോവിഡ് കാലഘട്ടത്തിൽ നാഷണൽ ഹെൽത്ത് മിഷൻ മുഖേന നിയമിക്കപ്പെട്ട ജീവനക്കാർക്ക് റിസ്ക് അലവൻസ് നൽകിയിരുന്നു. 108 ആംബുലൻസ് പദ്ധതി നടത്തിപ്പിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ കരാറിൽ ഏർപ്പെട്ടിരിക്കുന്ന ജി.വി.കെ. ഇ,.എം.ആർ.ഐ. എന്ന കമ്പനിയാണ് 108 ആംബുലൻസിലെ ജീവനക്കാരെ നിയമിക്കുന്നത്. ആകയാൽ പ്രസ്തുത ജീവനക്കാർക്ക് റിസ്ക് അലവൻസ് നൽകിയിട്ടില്ല. |
| (ബി) | സി) നേഴ്സുമാർക്ക് കേരള സർക്കാർ നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന ശമ്പളവും അലവൻസുകളും 108 ആംബുലൻസിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | കനിവ് 108 ആംബുലൻസ് പദ്ധതി ഒരു പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (PPP) മോഡലിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനായി ഒരു ഇ ടെണ്ടർ വിളിക്കുകയും തത്ഫലമായി ജി.വി.കെ. ഇ.എം.ആർ.ഐ എന്ന കമ്പനി നടത്തിപ്പാവകാശം നേടുകയും ചെയ്തു. ടെണ്ടർ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത കമ്പനി വാഹനങ്ങൾ വാങ്ങിയും, വ്യവസ്ഥകൾ പ്രകാരമുള്ള ഉപകരണങ്ങൾ വാഹനങ്ങളിൽ ഘടിപ്പിച്ചും, ടെണ്ടർ പരാമർശ പ്രകാരം യോഗ്യതയുള്ള ജീവനക്കാരെ നിയമിച്ചും, വാഹനങ്ങളുടെ കേടുപാടുകൾ ഉൾപ്പെടെ എല്ലാം പരിഹരിച്ച് പ്രവർത്തനം നടത്തുന്നതിന് പ്രതിമാസം ഒരു നിശ്ചിത തുകയാണ് പ്രസ്തുത കമ്പനിക്ക് നല്കിവരുന്നത്. ടെണ്ടർ പ്രകാരം നിലവിൽ ബാധകമായ എല്ലാ ആനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകേണ്ടതാണ്. ജീവനക്കാർ എല്ലാം തന്നെ ജി.വി.കെ. ഇ.എം.ആർ.ഐ എന്ന കമ്പനിയുടെ കീഴിൽ പ്രവർത്തിക്കുന്നവരാണ്. പ്രസ്തുത ജീവനക്കാർക്ക് കേരളത്തിൽ നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളും ബാധകമാണ്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ആംബുലൻസ് ജീവനക്കാരുടെ ജോലി സമയമോ, അവധി ദിവസമോ നിജപ്പെടുത്തിയിട്ടില്ല. പകരം പദ്ധതി നടത്തിപ്പ് കമ്പനി സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളും പാലിച്ച് ജീവനക്കാരെ നിയമിച്ച് ടെണ്ടറിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി പ്രവർത്തിക്കണമെന്നുള്ളതാണ് പ്രസ്തുത കമ്പനിയുമായുള്ള കരാർ. അപ്രകാരം വാഹനം സർവീസ് നടത്തുന്നതിനാണ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഒരു നിശ്ചിത തുക പ്രതിമാസം കമ്പനിക്ക് നൽകിവരുന്നത്. |
| (സി) | 108 ആംബുലൻസ് നേഴ്സുമാരുടെ തസ്തിക എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ എന്നതാകയാൽ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിൽ നേഴ്സ് എന്ന വാക്ക് ഉപയോഗിക്കാതെ ഇ.എം.ടി. എന്നുപയോഗിച്ച് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകുന്നതുമൂലം ഇവർക്ക് നേഴ്സ് ജോലിക്ക് മറ്റൊരു സ്ഥലത്ത് പ്രത്യേകിച്ച് വിദേശ രാജ്യങ്ങളിൽ അപേക്ഷിക്കാൻ കഴിയാതെ വരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് പ്രതിവിധിയാണ് ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;? | (സി) | ഇത്തരമൊരു സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ